"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത WP(C) No. 31840/2024 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 9.9.2024-ലെ വിധിന്യായവും പാലക്കാട്, വിലയംചാത്തന്നൂർ, വി.എൽ.എൻ.എം. യു.പി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. ഗീത പി ആർ ചെയ്ത WP(C) No. 30411/2024 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 30.8.2024-ലെ വിധിന്യായവും നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2614/2025/GEDN തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-

1. പാലക്കാട് ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സർക്കാരിൽ ഫയൽ ചെയ്ത 18/07/2024, 02/09/2024 തീയതികളിലെ പരിശോധനാ ഹർജികൾ(Ext P10, P11, P12 in WP(C) No. 31840/2024).
2. പാലക്കാട്, പുലാപ്പറ്റ, സെടൽ യു പി സ്കൂളിലെ പ്രഥമാദ്ധ്യാപകനായി വിരമിച്ച ശ്രീ. രവീന്ദ്രൻ. സി സർക്കാരിൽ ഫയൽ ചെയ്ത 18/07/2024 തീയതി പുന പരിശോധനാ ഹർജി.
3. പാലക്കാട്, വിളയംചാത്തന്നൂർ, വി എൽ എൻ എം യു പി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. ഗീത പി ആർ സർക്കാരിൽ സമർപ്പിച്ച 16/08/2024 തീയതി പുന പരിശോധനാ ഹർജിയും(Ext. P7 in WP(C) No. 34011/2024)
4. പാലക്കാട്, വിളയംചാത്തന്നൂർ, വി എൽ എൻ എം യു പി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. ഗീത പി ആർ ഫയൽ ചെയ്ത WP(C) No. 34011/2024 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 30.8.2024-ലെ വിധിന്യായം.
5. പാലക്കാട് ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത WP(C) No. 31840/2024 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 9.9.2024-ലെ വിധിന്യായം.
6. ആലത്തൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02/12/2024 തീയതിയിലെ AEOALT/731/2024-G നമ്പർ കത്ത്
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/11/2024, 24/12/2024 തീയതിയിലെ ജി1/12197/2024/ഡിജിഇ, ഡിജിഇ/26872/2024-ജി1 നമ്പർ കത്ത്.
8. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/12/2024 തീയതിയിലെ നമ്പർ രേഖപ്പെടുത്താത്ത കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട്, ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത WP(C) No.

31840/2024 ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 5 വിധിന്യായത്തിൽ പാലക്കാട് ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 (Ext P10, P11, P12 in WP(C) No. 31840/2024) പരിശോധനാ ഹർജികളിന്മേലും, അതോടൊപ്പം എക്സിബിറ്റ് പി8 വിധിന്യായത്തിലെ (WP (C)30411/2024 dated 30.8.2024 പരാമർശം 4) റിവിഷൻ ഹർജികളിന്മേലും ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും ഒരുമിച്ച് കേട്ട് തീരുമാനമെടുക്കുവാൻ ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ടി വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ പ്രകാരം 23/12/2024 തീയതി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു.

2. **ടി സ്കൂൾ കോർപ്പറേറ്റ് മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് മാനേജ്മെന്റിന് കീഴിൽ താഴെ പറയുന്ന എയ്ഡഡ് വിദ്യാലയങ്ങൾ ആണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്.

<u>പ്രൈമറി സ്കൂളുകൾ</u>

| ക്രമ നമ്പർ | പേര് | ക്ലാസ്സുകൾ | ഉപജില്ല |
|---|---|---|---|
| 1 | ശബരി എ.യു.പി.സ്കൂൾ, കല്ലുവഴി | 1 to7 | ചെർപ്പുളശ്ശേരി ഉപജില്ല |
| 2 | സെൻട്രൽ യു.പി.സ്കൂൾ പുലാപ്പറ്റ | 1 to7 | ചെർപ്പുളശ്ശേരി ഉപജില്ല |
| 3 | ശബരി വി.എൽ.എൻ.എം.യു.പി സ്കൂൾ, വിളയൻചാത്തന്നൂർ | 1 to7 | കുഴൽമന്ദം ഉപജില്ല |

<u>ഹൈസ്കൂളുകൾ</u>

| ക്രമ നമ്പർ | പേര് | ക്ലാസ്സുകൾ | ജില്ല/ഉപജില്ല |
|---|---|---|---|
| 1 | ശബരി ഹയർ സെക്കന്ററി സ്കൂൾ, പള്ളിക്കുറുപ്പ് | 1 to 10 | മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ല |
| 2 | ശബരി പി.ടി.ബി.എസ് ഹയർസെക്കന്ററി സ്കൂൾ, അടക്കാപുത്തൂർ | 8 to 10 | മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ല |

മേൽ വിദ്യാലയങ്ങൾ 1.1.2018 മുതൽക്ക് കോമൺ സീനിയോറിറ്റി അനുസരിച്ചാണ് പ്രവർത്തിച്ചു വരുന്നത്.

എ.യു.പി സ്കൂൾ, കല്ലുവഴിയിലെ പ്രധാന അദ്ധ്യാപക സ്ഥാനം ശ്രീമതി.ഗീത.പി.ആർ 21.10.1991 മുതൽക്ക് പരിത്യജിക്കുകയും ആയത് No.C/4029/91 dated 6.5.1992 പ്രകാരം ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത Relinquishment സംബന്ധിച്ച വിവരം താഴെ പറയും പ്രകാരമാണ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ടിയാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

" Permanently Relinquishment the claim for Headmastership w.e.f 21.10.1991 FN and Approved as per C/4029/91 dated 5/92 of AEO, cherpulassery"

എ.യു.പി.സ്കൂൾ കല്ലുവഴിയിലെ എൽ.പി.എസ്.ടി തസ്തികയിൽ നിന്നും ശ്രീമതി.ഗീത.പി.ആർ എന്നവരെ ശബരി ഹൈസ്കൂൾ, പള്ളിക്കുറിപ്പിലേക്ക് എൽ.പി.എസ്.ടി ആയി 1.7.2021 മുതൽക്ക്

മാനേജർ ട്രാൻസ്ഫർ ചെയ്യുകയും ടിയാരി ശബരി ഹൈസ്കൂൾ, പള്ളിക്കുറുപ്പിൽ എൽ.പി.എസ്.ടി ആയി 1.7.2021 മുതൽക്ക് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

സ്ഥായിയായി പ്രധാന അദ്ധ്യാപക തസ്തിക പരിത്യജിച്ചിട്ടുള്ള വിവരം ശ്രീമതി.ഗീത.പി.ആർ ന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് കണക്കിലെടുത്ത് ടിയാരിയെ 1.4.2020 ന് എ.യു.പി.എസ് കല്ലുവഴിയിൽ ഒഴിവ് വന്നിട്ടുള്ള പ്രധാന അദ്ധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നൽകേണ്ടവരുടെ പട്ടികയിൽ മാനേജർ പരിഗണിച്ചിരുന്നില്ല.

താഴെ പറയും പ്രകാരമാണ് മാനേജ്മെന്റിന് കീഴിൽ പ്രൈമറി/ഹൈസ്കൂൾ പ്രധാന അദ്ധ്യാപക ഒഴിവ് സംജാതമായിട്ടുള്ളത്.

| ക്രമ നമ്പർ | ഒഴിവ് വന്നിട്ടുള്ള സ്കൂൾ | ഒഴിവ് തീയതി | റിമാർക്സ് |
|---|---|---|---|
| 1 | എ.യു.പി.എസ്, കല്ലുവഴി | 01/04/20 | ശ്രീ.ശ്രീകുമാരൻ എ.ആർ, എച്ച്.എം-നെ ശബരി വി.എൽ.എൻ.എം യു.പി സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്തത് വഴിയുള്ള ഒഴിവ് |
| 2 | സി.യു.പി.എസ്, പുലാപ്പറ്റ | 01/06/20 | ശ്രീമതി.കെ.സി.ലത എച്ച്.എം 31.5.2020-ന് വിരമിച്ചത് വഴിയുള്ള ഒഴിവ് |
| 3 | എ.യു.പി.എസ്, കല്ലുവഴി | 01/04/23 | ശ്രീമതി.ഗീത.പി.ആർ എച്ച്.എം-നെ എ.യു.പി.എസ് കല്ലുവഴിയിൽ നിന്നും ശ്രീ.ശ്രീകുമാരൻ എ.ആർ, എച്ച്.എം എന്നവർ 31.5.2023-ന് ശബരി വി.എൽ.എൻ.എം യു.പി എസ്-ൽ നിന്നും റിട്ടയർ ചെയ്തത് വഴി സംജാതമായ ഒഴിവിലേക്ക് ട്രാൻസ്ഫർ ചെയ്തത് വഴിയുള്ള ഒഴിവ് |
| 4 | ശബരി PTB സ്മാരക ഹൈസ്കൂൾ, അടക്കാപുത്തൂർ | 01/06/24 | ശ്രീമതി.ശൈലജ.എ 31.5.2024-ന് പ്രധാന അദ്ധ്യാപക തസ്തികയിൽ നിന്നും വിരമിച്ചത് വഴിയുള്ള ഒഴിവ്. |

ശ്രീമതി.ഗീത.പി.ആർ 21.10.1991 മുതൽക്ക് പ്രധാന അദ്ധ്യാപക സ്ഥാനം Relinquish ചെയ്തതിനു ശേഷം 31.12.2017 വരെ ടിയാരി ജോലി ചെയ്തിരുന്ന എ.യു.പി.എസ് കല്ലുവഴിയിൽ പ്രധാന അദ്ധ്യാപക സ്ഥാനം ഒഴിവ് വന്നപ്പോൾ ടിയാരിയെ പരിഗണിക്കുവാൻ സാധ്യമായിരുന്നില്ല എന്ന് റെക്കോർഡുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുള്ളതാണ്. ശ്രീമതി.ഗീത.പി.ആർ എന്നവരെക്കാൾ സീനിയർ ആയിട്ടുള്ളതും യോഗ്യത നേടിയിട്ടുള്ളവരെയും ആയിരുന്നു പ്രസ്തുത തസ്തികയിലേക്ക് പരിഗണിച്ചിട്ടുള്ളത് എന്ന് കണ്ടെത്താവുന്നതും ആയതിനാൽ ശ്രീമതി.ഗീത.പി.ആർ ന് പരാതി ഇല്ലാത്തതും ആകുന്നു. ശ്രീമതി.ഗീത.പി.ആർ എന്നവരുടെത് Permanent Relinquishment ആണെന്ന് കണക്കിലെടുത്തിട്ടുള്ളതനുസരിച്ച് ടിയാരിയെ 1.4.2020-ന് എ.യു.പി.എസ്, കല്ലുവഴിയിൽ സംജാതമായിട്ടുള്ള എച്ച്.എം തസ്തികയിലേക്ക് പരിഗണിക്കാതിരിക്കുകയും തൽഫലമായി താഴെ പറയുന്നവരെ സ്ഥനക്കയറ്റ നിയമനം നടത്തുകയും ചെയ്തിട്ടുള്ളതാണ്.

| ക്രമ നമ്പർ | പേരും തസ്തികയും | സ്ഥാനക്കയറ്റം നിയമിച്ച തസ്തിക | നടത്തി തീയതി |
|---|---|---|---|
| 1 | സി.എൻ.രവീന്ദ്രൻ, LPST, CUPS, പുലാപ്പറ്റ | HM, AUPS കല്ലുവഴി | 01/04/20 |
| 2 | സി.സുരേഷ്, LPST, CUPS | HM, CUPS പുലാപ്പറ്റ | 01/06/20 |

| | | | |
|---|---|---|---|
| | പുലാപ്പറ്റ | | |
| 3 | കെ.ലത, LPST,AUPS കല്ലുവഴി | HM, AUPS കല്ലുവഴി | 01/04/23 |
| 4 | എം.ബി.രാജീവ് കുമാർ, എച്ച്.എസ്.ടി (maths) ശബരി PTBS HS പള്ളിക്കുറുപ്പ് | HM, PTBS HS, അടക്കാപുത്തൂർ | 01/06/24 |

സീനിയോറിറ്റി അനുസരിച്ച് ശ്രീമതി.ഗീത.പി.ആർ എന്നവർക്ക് 1.4.2020-ന് സംജാതമായ പ്രൈമറി എച്ച്.എം തസ്തികയിൽ (HM, AUPS കല്ലുവഴി) സ്ഥാനക്കയറ്റ നിയമനം നൽകേണ്ടതാണെന്നുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നിർദ്ദേശങ്ങൾ പാലിച്ച് ടിയാരിയെ 1.4.2020 പ്രാബല്യത്തിൽ എ.യു.പി.എസ് കല്ലുവഴിയിൽ എച്ച്.എം ആയി സ്ഥാനക്കയറ്റ നിയമനം നടത്തുകയും തൽഫലമായി ശ്രീ.സി.എൻ.രവീന്ദ്രൻ എന്നവരെയും ശ്രീ.സി.സുരേഷ് എന്നവരെയും ടിയാന്മാരുടെ മാതൃ ലാവണങ്ങളിലേക്ക് റിവർട്ട് ചെയ്യുകയും ചെയ്തുകൊണ്ട് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവായിട്ടുള്ളതാണ്. (ESST/32/2022 dated 20.7.2022)

ശ്രീമതി.ഗീത പി.ആർ എൽ.പി.എസ്.ടി യുടെ Relinquishment സ്ഥായിയായി നിലനിൽക്കുന്നതല്ലെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ (George Vs State of Kerala OP No.7287/88 (1998(2) KLT637) 1.6.2020 മുതൽക്ക് സെൻട്രൽ യു.പി.സ്കൂൾ പുലാപ്പറ്റയിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീ.സുരേഷ്.സി എന്നവരെ റിവർട്ട് ചെയ്തത് ടിയാന്റെ മാതൃലാവണമായ സെൻട്രൽ യു.പി.സ്കൂൾ പുലാപ്പറ്റയിലെ എൽ.പി.എസ്.ടി തസ്തികയിൽ നിലനിർത്തികൊണ്ട് ലാവണക്രമീകരണം നടത്തികൊണ്ട് ESST/32/2022 dated 20.7.2022 ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ടി ഉത്തരവനുസരിച്ച് പ്രധാന അദ്ധ്യാപക സ്ഥാനത്തേക്ക് പരിഗണിക്കേണ്ടതായ സീനിയർ മോസ്റ്റ് Qualified വ്യക്തി ആയിട്ടുള്ള ശ്രീമതി.ഗീത.പി.ആർ, എൽ.പി.എസ്.ടി യെ 1.4.2020 മുതൽക്ക് ശബരി എ.യു.പി.എസ് കല്ലുവഴിയിൽ പ്രധാന അദ്ധ്യാപിക ആയും ശ്രീ.സി.എൻ.രവീന്ദ്രൻ എന്നവരെ എ.യു.പി.എസ് കല്ലുവഴിയിൽ പ്രധാനാദ്ധ്യാപക തസ്തിക ലഭ്യമല്ലാത്തതിനെ തുടർന്ന് ടിയാനെ ടിയാന്റെ മാതൃവാലണമായ സെൻട്രൽ യു.പി.സ്കൂളിലെ എൽ.പി.എസ്.ടി തസ്തികയിൽ 1.4.2020 മുതൽക്ക് നിലനിർത്തിയും ആണ് ഉത്തരവായിട്ടുള്ളത്.

സെൻട്രൽ യു.പി.സ്കൂളിലെ പ്രധാനാദ്ധ്യാപിക ശ്രീമതി.കെ.സി.ലത 31.5.2020-ന് സർവ്വീസിൽ നിന്ന് വിരമിച്ചത് വഴി സംജാതമായ പ്രധാനാദ്ധ്യാപക തസ്തികയിൽ ശ്രീ.സി.എൻ.രവീന്ദ്രൻ എന്നവരെ 1.6.2020 മുതൽക്ക് പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയും ഉത്തരവായിട്ടുള്ളതാണ്.

ശ്രീമതി.ഗീത.പി.ആർ-ന്റെ പ്രധാനാദ്ധ്യാപിക തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിന് വേണ്ടി ടിയാരി ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP © No.30411/2024 മേൽ 30.8.2024-ന് ബഹു.ഹൈക്കോടതി വിധിന്യായം പ്രസ്താവിച്ചിട്ടുള്ളതാണ്.

ശ്രീ.സി.എൻ.രവീന്ദ്രൻ എന്നവരുടെ 1.6.2020 മുതൽക്കുള്ള സി.യു.പി.എസ് പുലാപ്പറ്റയിലെ പ്രധാന അദ്ധ്യാപക നിയമനവും ശ്രീമതി.കെ.ലത എന്നവരുടെ 1.4.2023 തീയതി മുതൽക്കുള്ള ശബരി എ.യു.പി.സ്കൂൾ കല്ലുവഴിയിലെ പ്രധാനാദ്ധ്യാപിക നിയമനവും ശ്രീ.എം.ബി.രാജീവ് കുമാർ എന്നവരുടെ 1.6.2024 മുതൽക്കുള്ള ശബരി പി.ടി.ബി.എസ് ഹയർസെക്കന്ററി സ്കൂൾ അടക്കാപുത്തൂരിലെ പ്രധാനാദ്ധ്യാപക നിയമനവും അംഗീകരിക്കുന്നതിനുവേണ്ടി മാനേജർ എന്ന നിലയിൽ ഞാൻ റിവിഷൻ ബഹു.കേരള ഹൈക്കോടതിയിൽ WP )C) No.31840/2024 ഫയൽ ചെയ്തിട്ടുള്ളതാണ്.

20.7.2022-ലെ ESTT/32/22നമ്പർ ലാവണ ക്രമീകരണ ഉത്തരവ് അംഗീകരിക്കുന്നതിനും LPST/UPST തസ്തികയിലെ അർഹരായിട്ടുള്ളവരുടെ പ്രധാന അദ്ധ്യാപക സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്നതിനും ആവശ്യമായ ഉത്തരവ് താങ്കൾ പുറപ്പെടുവിക്കണമെന്നും വിനയപൂർവ്വം

അപേക്ഷിക്കുന്നു.

**3. ഹെഡ്മിസ്ട്രസ് ശ്രീമതി.ഗീത.പി.ആർ-ന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു (എക്സിബിറ്റ് പി7 റിവിഷൻ ഹർജി)**

റിവിഷൻ ഹർജിക്കാരിയെ 01.04.2020 മുതൽ ശബരി എ.യു.പി സ്കൂൾ കല്ലുവഴിയിൽ പ്രധാനാധ്യാപികയായി നിയമിച്ചു. തുടർന്ന് 20.07.2022ലെ ഇ.എസ്.ടി.ടി 32/2022 നടപടിക്രമത്തിൽ ഉത്തരവിൻപ്രകാരം അധ്യാപകരെ ഷിഫ്റ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. റിവിഷൻ ഹർജിക്കാരിയുടെ പ്രഥമ നിയമനം 13.06.1989 മുതലാകുന്നു. തുടർന്ന് സ്ഥിരം വേക്കൻസിയിൽ 01.11.1989 മുതൽ കല്ലുവഴി എ.യു.പി സ്കൂളിൽ നിയമിതയായി. മാനേജ്മെന്റിന്റെ കീഴിൽ താഴെ പറയുന്ന വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു.

1. ശബരി എയ്ഡഡ് യു.പി.സ്കൂൾ, കല്ലുവഴി
2. ശബരി വി.എൽ.എൻ.എം.യു.പി.സ്കൂൾ വിളയൻ ചാത്തനൂർ
3. ശബരി ഹയർസെക്കന്ററി സ്കൂൾ, പള്ളിക്കുറുപ്പ്
4. ശബരി പി.ടി.ബി സ്മാരക ഹയർസെക്കന്ററി സ്കൂൾ, അടക്കാപുത്തൂർ
5. ശബരി എം.വി.ടി.സി. യു.പി.സ്കൂൾ പുലാപ്പറ്റ

റിവിഷൻ ഹർജിക്കാരിയെ 01.04.2020 മുതൽ പ്രധാനാധ്യാപികയായി നിയമിച്ചു. ടി ഉത്തരവും മാനേജരുടെ മറ്റ് നടപടിക്രമ ഉത്തരവും പ്രധനാധ്യാപിക നിയമനത്തിനുള്ള അംഗീകാരത്തിനായി ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, 17.01.2023ന് പ്രധാനാധ്യാപികയായ നിയമനം നിരസിച്ച് ഉത്തരവായി. നിരസിക്കുവാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

"01.04.2020 മുതൽ ശ്രീമതി ഗീത.പി.ആർ നെ നിയമിച്ചതായും, പ്രസ്തുത അധ്യാപിക 25.07.2022ന് ജോലിയിൽ പ്രവേശിച്ചതായും കാണിച്ചിരിക്കുന്നു. ഇതേ ഒഴിവിൽ ശ്രീ.സി.എൻ.രവീന്ദ്രനെ 13.04.2020 മുതൽ നിയമിച്ച് 27.06.2022ന് ഇ/4346/2020 എന്ന നമ്പർ പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ 05.07.2022ന് നിരസിച്ച് ഉത്തരവായിരുന്നു. കൂടാതെ ഇപ്പോൾ സമർപ്പിച്ച അപേക്ഷയിൽ കോമൺ സീനിയോറിറ്റി ലിസ്റ്റ്, ടെസ്റ്റ് യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ സി.എൻ.രവീന്ദ്രനെ 13.04.2020 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ളതിനാൽ ശ്രീമതി ഗീത.പി.ആറിനെ നിയമിക്കുന്നതിനുള്ള ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലും മറ്റ് ന്യൂനതകൾ ഉള്ളതിനാലും ടി നിയമനം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ചെർപ്പുളശ്ശേരി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചു. 03.06.2023ന് അപ്പീൽ നിരസിച്ച് ഉത്തരവായി. നിരസന ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ പെറ്റീഷൻ സമർപ്പിച്ചു. 13.07.2024ന് റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ച് ഉത്തരവായി. പിന്നീട് 25.03.2023ലെ നടപടിക്രമ ഉത്തരവിൻ പ്രകാരം റിവിഷൻ ഹർജിക്കാരിയെ 01.04.2023 മുതൽ വിളയൻചാത്തനൂർ വി.എൽ.എൻ എം യു പി സ്കൂളിൽ ട്രാൻസ്ഫർ ചെയ്ത് പ്രധാനാധ്യാപികയായി നിയമിക്കുകയും തുടരുകയും ചെയ്യുന്നു.

റിവിഷൻ ഹർജിക്കാരിയുടെ ആവശ്യം താഴെ പറയും പ്രകാരമാകുന്നു.

എ) 01.04.2020 മുതൽ ശബരി എജ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള കല്ലുവഴി എ.യു.പി.സ്കൂളിൽ പ്രധാനാധ്യാപികയായി ഹർജിക്കാരിയെ നിയമിച്ചു. ആയത് അംഗീകരിക്കപ്പെട്ടില്ല. ശ്രീ ശ്രീകുമാർ എ. ആർ പ്രധാനാധ്യാപകനായി തുടരവെ വിളയൻചാത്തനൂരിലുള്ള വി.എൽഎൻ.എം.യു.പി സ്കൂളിൽ ട്രാൻസ്ഫർ ചെയ്യപ്പെട്ടതു പ്രകാരം കല്ലുവഴി എ.യു.പി.സ്കൂളിൽ വന്നു ഭവിച്ച പ്രധാനാധ്യാപക തസ്തികയിലാണ് റിവിഷൻ ഹർജിക്കാരിയെ 01.04.2020 മുതൽ നിയമിച്ചത്.

ബി) റിവിഷൻ ഹർജിക്കാരിയെ കല്ലുവഴി എ.യു.പി.സ്കൂളിലുള്ള സ്ഥിരം ഒഴിവിൽ നിയമിച്ചു. ആയത് അംഗീകരിക്കപ്പെടേണ്ടതാണ്.

ചുവടെ ചേർക്കുന്ന കാര്യങ്ങൾ കൂടി വിശകലനം ചെയ്ത് ഉത്തരവാകേണ്ടതാണ്.

എ) റിവിഷൻ ഹർജിക്കാരി ശബരി കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയിൽ സീനിയർ മോസ്റ്റ് അധ്യാപികയാണ്. കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിക്കു കീഴിൽ ഹൈസ്കൂൾ വിഭാഗത്തിലുള്ള വിദ്യാലയങ്ങൾ ഉണ്ട്. കല്ലുവഴി എ.യു.പി.സ്കൂളിൽ 01.04.2020 മുതൽ പ്രധാനാധ്യാപികയായി നിയമനം ലഭിച്ചുവെങ്കിലും നിയമനാംഗീകാരമോ ശമ്പളാനുകൂല്യങ്ങളോ ലഭ്യമായിട്ടില്ല. കല്ലുവഴി ശബരി എ.യു.പി.സ്കൂളിൽ പ്രവർത്തിച്ചു വരവെ ട്രാൻസ്ഫർ ആവുക വഴി വന്നു ഭവിച്ച ഒഴിവിലാണ് 01.04.2020 മുതലുള്ള പ്രധാനാധ്യാപികയായുള്ള നിയമനം. ആകെയാൽ കല്ലുവഴി എ.യു.പി.സ്കൂളിൽ പ്രധനാധ്യാപക തസ്തിക ലഭ്യമാണെന്നുള്ളത് അവിതർക്കിതമാണ്. മാനേജർ ഇക്കാര്യത്തെ സംബന്ധിച്ച് 20.07.2022ന് വിദ്യാഭ്യാസ ഓഫീസർക്ക് യാഥാർത്ഥ്യം അറിയിച്ചിട്ടുള്ളതും അംഗീകാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാകുന്നു.

റിവിഷൻ ഹർജിക്കാരിയെ 01.04.2023 മുതൽ ശബരി വി.എൽ.എൻ.എം.യു.പി സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. ആയത് പ്രകാരം തുടർന്ന് വരുന്നു. കല്ലുവഴി എ.യു.പി.സ്കൂളിലെ പ്രധാനാധ്യാപക നിയമനം അംഗീകരിക്കപ്പെടാത്തതിനാൽ എൽ.പി.എസ്.എ.അധ്യാപക തസ്തികയിലുള്ള ശമ്പളമാണ് ഇപ്പോഴും ലഭ്യമാകുന്നത്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും വെളിച്ചത്തിൽ റിവിഷൻ ഹർജിക്കാരിയുടെ 01.04.2020 മുതലുള്ള പ്രധാനാധ്യാപക നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**4. ഹെഡ്മാസ്റ്റർ (റിട്ട) ശ്രീ.സി.എൻ.രവീന്ദ്രൻ-ന്റെ വാദങ്ങൾ താഴെ പറയും പ്രകാരമാണ് (എക്സിബിറ്റ് പി10 റിവിഷൻ ഹർജി)**

ശബരി ചാരിറ്റബിൾ ട്രസ്റ്റിന് കാഴിലുള്ള പുലാപ്പറ്റ സെൻട്രൽ യു.പി.സ്കൂളിൽ (പാലക്കാട് ജില്ല, ചെർപ്പുളശ്ശേരി ഉപജില്ല) എൽ.പി.എസ്.ടി ആയി ജോലി ചെയ്തുവരവേ എന്നെ പ്രധാനാദ്ധ്യാപകനായി പ്രൊമോട്ട് ചെയ്ത് ഇതേ ട്രസ്റ്റിന് കീഴിലെ മറ്റൊരു സ്കൂളിൽ കല്ലുവഴി എ.യു.പി സ്കൂളിൽ നിയമിച്ചു 13.4.2020-ന് ഞാൻ ഈ തസ്തകയിൽ ജോയിൻ ചെയ്തു.

പുലാപ്പറ്റ സെൻട്രൽ യു.പി. സ്കൂളിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി.ലത.കെ 31.5.2020-ന് വിരമിച്ച ഒഴിവിൽ ശ്രീ.സി.സുരേഷ്.സി എന്നയാളെ പ്രധാനാദ്ധ്യാപകനായി പ്രൊമോട്ട് ചെയ്ത് നിയമിച്ചു. 1.6.2020-ന് അദ്ദേഹം ഈ തസ്തികയിൽ ജോയിൻ ചെയ്തു.

പ്രധാനാദ്ധ്യാപക തസ്തകിയിലെ നിയമനം അംഗീകരിക്കുന്നതിനായി ചെർപ്പുളശ്ശേരി എ.ഇ.ഒ ക്ക് സമർപ്പിച്ച പ്രൊപ്പോസൽ സീനിയർ അദ്ധ്യാപകരുടെ റിലിൻകിഷ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചില്ല എന്ന കാരണത്താൽ എ.ഇ.ഒ നിരസിച്ചു.

സീനിയർ അദ്ധ്യാപികയായ ശ്രീമതി.ഗീത.പി.ആർ തനിക്ക് പ്രധനാധ്യാപക പ്രൊമോഷൻ വേണം എന്ന് അവശ്യപ്പെട്ടതിനാൽ മാനേജർ ലാവണ ക്രമീകരണം നടത്തി. ഇതനുസരിച്ച് അവരെ കല്ലുവഴി എ.യു.പി.സ്കൂളിൽ 1.4.2020 പ്രാബല്യത്തിലും എന്നെ പുല്ലാപ്പറ്റ സെൻട്രൽ യു.പി സ്കൂളിൽ 1.6.2020 പ്രാബല്യത്തിലും പ്രധാനാദ്ധ്യാപകരായി നിയമിച്ചു. ശ്രീ.സി.സുരേഷിന്റെ 1.6.2020 മുതലുള്ള പ്രാധാനാദ്ധ്യാപക പ്രൊമോഷൻ റദ്ദ് ചെയ്ത് അദ്ദേഹത്തെ എൽ.പി.എസ്.ടി ആയി തുടരാൻ അനുവദിച്ചു.

20.7.2022 തീയതിയിലാണ് മാനേജർ ലാവണ ക്രമീകരണം നടത്തിയിട്ടുള്ളത്. ഇതനുസരിച്ച് 25.7.2022-ന് ഞാൻ പുല്ലാപ്പറ്റ സെൻട്രൽ യു.പി.സ്കൂളിൽ പ്രധാനാദ്ധ്യാപകനായി ചാർജ്ജ് എടുത്തു. തുടർന്ന് 1.6.2020 മുതലുള്ള എന്റെ പ്രധാനാദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിന് ചെർപ്പുളശ്ശേരി എ.ഇ.ഒ ക്ക് പ്രൊപ്പോസൽ സമർപ്പിച്ചു. എന്നാൽ 1.6.2020 മുതൽ ശ്രീ.സി.സുരേഷിനെ ഇതേ തസ്തികയിൽ പ്രധാനാദ്ധ്യാപകനായി നിയമിച്ചിട്ടുണ്ട് എന്ന കാരണം കാണിച്ച് ചെർപ്പുളശ്ശേരി എ.ഇ.ഒ പ്രൊപ്പോസൽ നിരസിച്ചു. ( മാനേജരുടെ ലാവണ ക്രമീകരണ ഉത്തരവിൽ ശ്രീ.സുരേഷിനെ റിവർട്ട്

ചെയ്തിട്ടുള്ള കാര്യം എ.ഇ.ഒ ശ്രദ്ധിക്കാതെ പോയി.)

എ.ഇ.ഒ യുടെ ഈ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകിയെങ്കിലും അദ്ദേഹം അത് നിരസിച്ചു. 1.6.2020-ന് എന്നെ പ്രൊമോട്ട് ചെയ്ത ഒഴിവ് വ്യവസ്ഥാപിതമല്ല, 25.7.2022-ന് മാത്രമേ ഞാൻ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ എന്നീ കാരണങ്ങൾ പറഞ്ഞാണ് ഡി.ജി.ഇ റിവിഷൻ അപ്പീൽ നിരസിച്ചത്.

ഇത് സംബന്ധിച്ച് താഴെ കാണുന്ന കാര്യങ്ങൾ അങ്ങയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. കല്ലുവഴി എ.യു.പി.സ്കൂളിലെ പ്രധാനാദ്ധ്യാപകനായ ശ്രീ.എ.ആർ ശ്രീകുമാരനെ ഈ ട്രസ്റ്റിന് കീഴിലെ മറ്റൊരു സ്കൂളായ വിളയൻചാത്തന്നൂർ വി.എൽ.എൻ.എം സ്കൂളിലേക്ക് (കുഴൽമന്ദം ഉപജില്ല, പാലക്കാട് ജില്ല) 1.4.2020 മുതൽ സ്ഥലം മാറ്റിയ ഒഴിവിലാണ് എന്നെ പ്രധാനാദ്ധ്യാപകനായി പ്രൊമോട്ട് ചെയ്തത്.

2. 13.4.2020-ന് ഞാൻ കല്ലുവഴി എ.യു.പി സ്കൂളിൽ ജോയിൻ ചെയ്തു. എന്റെ സീനിയറായ ശ്രീമതി.ഗീത.പി.ആർ നേരത്തേ പ്രധാനാദ്ധ്യാപക പ്രൊമോഷൻ റിലിൻക്വിഷ് ചെയ്തിരുന്നു. ഇത് പെർമനന്റ് റിലിൻക്വിഷ്മെന്റ് ആണ് എന്ന ധാരണയിലാവാം 1.4.2020-ന് പ്രധാനാദ്ധ്യാപക തസ്തികയിൽ ഒഴിവ് വന്നപ്പോൾ ശ്രീമതി.ഗീതയെ പരിഗണിക്കാതിരുന്നത്. പിന്നീട് ഇക്കാര്യം ബോധ്യപ്പെട്ടപ്പോൾ ലാവണ ക്രമീകരണം നടത്തി 1.4.2020 പ്രാബല്യത്തിൽ ശ്രീമതി.ഗീതയെ പ്രൊമോട്ട് ചെയ്തിട്ടുണ്ട്.

3. 20.7.2022 തീയതിയിലാണ് മാനേജർ ലാവണ ക്രമീകരണം നടത്തിയിട്ടുള്ളത്. അതിനാലാണ് 25.7.2022-ന് ഞാൻ പുല്ലാപ്പറ്റ സെൻട്രൽ യു.പി.സ്കൂളിൽ ജോയിൻ ചെയ്തത്. 25.7.2022 FN വരെ ഞാൻ കല്ലുവഴി എ.യു.പി സ്കൂളിൽ പ്രധാനാദ്ധ്യാപകനായിരുന്നു.

4. മാനേജരുടെ ലാവണ ക്രമീകരണ ഉത്തരവിൽ ശ്രീ.സി.സുരേഷിന്റെ 1.6.2020 മുതലുള്ള പ്രധാനാദ്ധ്യാപക പ്രൊമോഷൻ റദ്ദ് ചെയ്ത് അദ്ദേഹത്തെ എൽ.പി.എസ്.ടി ആയി റിവർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ 1.6.2020-ന് ഇവിടെ (സെൻട്രൽ യു.പി.സ്കൂൾ, പുല്ലാപ്പറ്റ) പ്രധാനാദ്ധ്യാപകന്റെ വ്യവസ്ഥാപിത ഒഴിവുണ്ട്.

5. 13.4.2020 മുതൽ 24.7.2022 FN വരെ കല്ലുവഴി എ.യു.പി സ്കൂളിലും മാനേജരുടെ 20.7.2022-ലെ ഉത്തരവ് പ്രകാരം 25.7.2022 FN മുതൽ 30.6.2024-ന് വിരമിക്കുന്നതുവരെ പുല്ലാപ്പറ്റ സെൻട്രൽ യു.പി സ്കൂളിലും പ്രധാനാദ്ധ്യാപകനായി ഞാൻ ജോലി ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 13.4.2020 മുതൽ 30.6.2024 വരെയുള്ള എന്റെ പ്രധാനാദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. ഹെഡ്മിസ്ട്രസ് ശ്രീമതി.കെ.ലതയുടെ നിയമനാംഗീകാരം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച വാദങ്ങൾ താഴെ പറയുന്നു (എക്സിബിറ്റ് പി11 റിവിഷൻ ഹർജി)**

01.04.2023 മുതൽ ഹെഡ്മിസ്ട്രസ് ശ്രീമതി പി.ആർ.ഗീതയെ വിളയൻചാത്തന്നൂർ ശബരി വി.എൽ.എൻ.എം.യു.പി സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ ശ്രീമതി കെ.ലതയെ കല്ലുവഴി ശബരി എ.യു.പി സ്കൂളിൽ പ്രധാനാധ്യാപികയായി മാനേജർ നിയമിച്ചു. ടി നിയമനം ചെർപ്പുളശ്ശേരി എ ഇ ഒ നിരസിച്ചു. ശ്രീമതി കെ.ലത ഏറ്റവും സീനിയർ ആയ അദ്ധ്യാപിക ആണെന്നും, ടിയാളുടെ 01.04.2023 മുതലുള്ള പ്രധാനാധ്യാപക നിയമനം അംഗീകരിക്കണമെന്നും കോർപ്പറേറ്റ് മാനേജർ ആവശ്യപ്പെടുന്നു.

**6. ഹെഡ്മാസ്റ്റർ ശ്രീ.എം.ബി. രാജീവ് കുമാറിന്റെ നിയമനാംഗീകാരത്തിനായി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു (എക്സിബിറ്റ് പി12 റിവിഷൻ ഹർജി)**

ശ്രീ. എ. ബി. രാജീവ് കുമാർ നെ അടക്കാപുത്തൂർ ശബരി പി.ടി.ബി.സ്മാരക ഹയർസെക്കന്ററി സ്കൂളിൽ പ്രധാനാധ്യാപകനായി 01.06.2024ൽ മാനേജർ നിയമിച്ചു. ടി നിയമനം മണ്ണാർക്കാട് DEO നിരസിച്ചു. ടിയാൻ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിലെ സീനിയർ അദ്ധ്യാപകൻ

ആണെന്നും 01.06.2024 മുതലുള്ള പ്രധാനാധ്യാപക നിയമനം അംഗീകരിക്കണമെന്നും കോർപ്പറേറ്റ് മാനേജർ ആവശ്യപ്പെടുന്നു.

7. **പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ല വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെർപ്പുളശ്ശേരി, എന്നിവരുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലെ കല്ലുവഴി എ.യു.പി.സ്കൂളിൽ 01.04.2020 മുതൽ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ എ.ആർ ശ്രീകുമാരനെ ശബരി ചാരിറ്റബിൾ ട്രസ്റ്റ് മാനേജ്മെന്റിനു കീഴിലുള്ള ശബരി വി.എൽ.എൻ.എം.യു.പി.സ്കൂൾ വിളയൻചാത്തനൂരിലേക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ഇതേ മാനേജ്മെന്റിനു കീഴിലുള്ള പുലാപ്പറ്റ സെൻടൽ യു.പി.സ്കൂളിൽ എൽ.പി.എസ്.ടി ആയി ജോലി ചെയ്തിരുന്ന ശ്രീ സി.എൻ.രവീന്ദ്രനെ 13.04.2020 മുതൽ പ്രധാനാദ്ധ്യാപകനായി നിയമിച്ചിരുന്നു. എന്നാൽ സമർപ്പിച്ചിട്ടുള്ള, വകുപ്പ് അംഗീകരിച്ചു നൽകിയ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സി.എൻ.രവീന്ദ്രനെക്കാൾ സീനിയറായ അദ്ധ്യാപകരുടെ വകുപ്പ് അംഗീകരിച്ച സ്ഥാനക്കയറ്റ പരിത്യാഗ പത്രങ്ങൾ ഉൾക്കൊള്ളിക്കാതിരുന്നതിനാൽ പ്രസ്തുത നിയമനാപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 05.07.2022 കെ.ഡിസ്. C/4346/2020 നമ്പർ ഉത്തരവു പ്രകാരം നിരസിച്ച് നൽകിയിരുന്നു. തുടർന്ന് സീനിയർ അദ്ധ്യാപികയായ ശ്രീമതി പി.ആർ.ഗീത പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായി അവകാശമുന്നയിച്ചതിനെ തുടർന്ന് 25.07.2022ൽ മാനേജർ ശ്രീമതി പി.ആർ.ഗീതയെ പ്രസ്തുത തസ്തികയിൽ 01.04.2020 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച് നിയമനാംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിയമനാപേക്ഷ പരിശോധിച്ചതിൽ ഇതേ തസ്തികയിലാണ് ശ്രീ സി.എൻ.രവീന്ദ്രനെ 13.04.2020 മുതൽ നിയമിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് എന്നതിനാലും, ടിയാന്റെ നിയമനവുമായി ബന്ധപ്പെട്ട അപ്പീലുകൾ മേൽ കാര്യാലയങ്ങളിൽ നിലനിൽക്കുന്നതിനാലും, ശ്രീമതി പി.ആർ.ഗീതയുടെ ജോയിനിംഗ് റിപ്പോർട്ടിൽ 25.07.2022 മുതലാണ് ടിയാൾ പ്രധാനാദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നറിയിച്ചിട്ടുള്ളതിനാലും വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ച കോമൺ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത നിയമനം പ്രസ്തുത ഓഫീസിലെ 17.01.2023ലെ ഉത്തരവ് നമ്പർ കെ.ഡിസ് C/34179/2022 പ്രകാരം നിരസിക്കുകയുണ്ടായി.

തുടർന്ന് മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീലിന്മേൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ചുവടെ ചേർക്കുന്ന പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

1. 01.04.2020 മുതൽ ശ്രീമതി ഗീത.പി.ആർ നെ നിയമിച്ചതായും, എന്നാൽ പ്രസ്തുത അദ്ധ്യാപിക 25.07.2022ന് ജോലിയിൽ പ്രവേശിച്ചതായും കാണിച്ചിരുന്നു എന്നും ഇതേ ഒഴിവിൽ ശ്രീ സി.എൻ.രവീന്ദ്രനെ 13.04.2020 മുതൽ നിയമിച്ച് 27.06.2022ന് ഇ/4346/2020 എന്ന നമ്പർ പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ 5.7.2022ന് നിരസിച്ച് ഉത്തരവായി.

2. കൂടാതെ ഇപ്പോൾ സമർപ്പിച്ച അപേക്ഷയിൽ കോമൺ സീനിയോറിറ്റി ലിസ്റ്റ്, ടെസ്റ്റ് യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ല എന്നും നിയമനം നിരസിച്ചതിന്റെ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതിനാലും, മാനേജരുടെ അപ്പീൽ അപേക്ഷയിൽ സൂചിപ്പിച്ച ലാവണക്രമീകരണം വകുപ്പുതലത്തിൽ അംഗീകരിച്ചിട്ടില്ലാത്തതിനാലും ടി നിയമനം പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ 13.07.2024ലെ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ചുവടെ ചേർത്ത വസ്തുതയുടെ അടിസ്ഥാനത്തിൽ നിരസിച്ചിരുന്നു.

1. കല്ലുവഴി എ.യു.പി. സ്കൂളിലെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ ശ്രീകുമാരൻ എ.ആർ 01.04.2020ന് ശബരി വി.എൽ.എൻ.എം.യു.പി.സ്കൂൾ, വിളയൻചാത്തനൂരിലേക്ക് സ്ഥലംമാറ്റം ലഭിച്ച് പോയ ഒഴിവിൽ ആണ് 01.04.2020 മുതൽ ശ്രീമതി ഗീത.പി.ആർ നെ നിയമിച്ചത്. എന്നാൽ

മാനേജരുടെ ESTT/32 തീയതി 20.07.2022 ഉത്തരവ് പ്രകാരം ശ്രീമതി ഗീത.പി.ആർ 25.07.2022ന് മാത്രമാണ് പ്രധാനാധ്യാപിക ആയി ജോലിയിൽ പ്രവേശിച്ചതായി ജോയിനിംഗ് റിപ്പോർട്ട് പ്രകാരം കാണുന്നത്. അതായത് ടിയാരി 01.04.2020ന് പ്രധാനാധ്യാപിക ആയി ജോലിയിൽ പ്രവേശിക്കുകയോ ടി തസ്തികയിൽ ജോലി ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. മാത്രമല്ല, മേൽ ലാവണക്രമീകരണം വകുപ്പുതലത്തിൽ അംഗീകരിച്ചു നൽകിയിട്ടില്ല.

2.നിലവിൽ കല്ലുവഴി എ.യു.പി സ്കൂളിൽ പ്രധാനാധ്യാപികയായി തുടർന്നുവരവേ, ശ്രീ.എ.ആർ.ശ്രീകുമാരൻ 31.05.2023ന് ശബരി വി.എൽ.എൻ.എം.യു.പി.സ്കൂൾ വിളയൻചാത്തന്നൂരിൽ നിന്നും വിരമിച്ച ഒഴിവിൽ 01.06.2023 മുതൽ ശ്രീമതി പി.ആർ.ഗീതയെ പ്രസ്തുത സ്കൂളിലേക്ക് സ്ഥലംമാറ്റം നൽകി മാനേജർ ഉത്തരവാക്കിയതായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി പി.ആർ.ഗീതയുടെ നിയമനങ്ങൾ നിരസിച്ച കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി അറിയിച്ചിട്ടുള്ളതാണ്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി പി.ആർ.ഗീതയുടെ 01.04.2020 മുതലുള്ള നിയമനം പരിഗണിക്കാൻ കഴിയില്ലായെന്നു അറിയിക്കുന്നു. ശ്രീമതി ഗീതയ്ക്കു ആനുകൂല്യം നൽകേണ്ട സാഹചര്യം ഉണ്ടായാൽ ആയതു നിയമന അധികാരിയായ മാനേജർ വഹിക്കേണ്ടതാണ് എന്നും അഭിപ്രായപ്പെടുന്നു.

8. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലെ കല്ലുവഴി എ.യു.പി.സ്കൂളിൽ 01.04.2020 മുതൽ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ എ.ആർ ശ്രീകുമാരനെ ശബരി ചാരിറ്റബിൾ ട്രസ്റ്റ് മാനേജ്മെന്റിനു കീഴിലുള്ള ശബരി വി.എൽ.എൻ.എം.യു.പി.സ്കൂൾ വിളയൻചാത്തന്നൂരിലേക്ക് സ്ഥലം മാറ്റിയ ഒഴിവിൽ ഇതേ മാനേജ്മെന്റിനു കീഴിലുള്ള പുലാപ്പറ്റ സെൻടൽ യു.പി.സ്കൂളിൽ എൽ.പി.എസ്.ടി ആയി ജോലി ചെയ്തിരുന്ന ശ്രീ സി.എൻ.രവീന്ദ്രനെ 13.04.2020 മുതൽ പ്രധാനാദ്ധ്യാപകനായി നിയമിച്ചിരുന്നു. എന്നാൽ സമർപ്പിച്ചിട്ടുള്ള, വകുപ്പ് അംഗീകരിച്ചു നൽകിയ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സി.എൻ.രവീന്ദ്രനെക്കാൾ സീനിയറായ അദ്ധ്യാപകരുടെ വകുപ്പ് അംഗീകരിച്ച സ്ഥാനക്കയറ്റ പരിത്യാഗ പത്രങ്ങൾ ഉൾക്കൊള്ളിക്കാതിരുന്നതിനാൽ പ്രസ്തുത നിയമനാപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 05.07.2022 കെ.ഡിസ്. C/4346/2020 നമ്പർ ഉത്തരവു പ്രകാരം നിരസിച്ച് നൽകിയിരുന്നു. തുടർന്ന് സീനിയർ അദ്ധ്യാപികയായ ശ്രീമതി പി.ആർ.ഗീത പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായി അവകാശമുന്നയിച്ചതിനെ തുടർന്ന് 25.07.2022ൽ മാനേജർ ശ്രീമതി പി.ആർ.ഗീതയെ പ്രസ്തുത തസ്തികയിൽ 01.04.2020 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച് നിയമനാംഗീകാരത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിയമനാപേക്ഷ പരിശോധിച്ചതിൽ ഇതേ തസ്തികയിലാണ് ശ്രീ സി.എൻ.രവീന്ദ്രനെ 13.04.2020 മുതൽ നിയമിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് എന്നതിനാലും, ടിയാന്റെ നിയമനവുമായി ബന്ധപ്പെട്ട അപ്പീലുകൾ മേൽ കാര്യാലയങ്ങളിൽ നിലനിൽക്കുന്നതിനാലും, ശ്രീമതി പി.ആർ.ഗീതയുടെ ജോയിനിംഗ് റിപ്പോർട്ടിൽ 25.07.2022 മുതലാണ് ടിയാൾ പ്രധാനാദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നറിയിച്ചിട്ടുള്ളതിനാലും, വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ച കോമൺ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ലാത്തതിനാലും ടി നിയമനം പ്രസ്തുത ഓഫീസിലെ 17.01.2023ലെ ഉത്തരവ് നമ്പർ കെ.ഡിസ് C/34179/2022 പ്രകാരം നിരസിക്കുകയുണ്ടായി.

മാനേജർ സമർപ്പിച്ച ഹിയറിംഗ് നോട്ട് പ്രകാരം താഴെ പറയും പ്രകാരമാണ് മാനേജ്മെന്റിന്

കീഴിലെ പ്രൈമറി/ഹൈസ്കൂൾ പ്രധാന അദ്ധ്യാപക ഒഴിവ് സംജാതമായിട്ടുള്ളത്.

| ക്രമ നമ്പർ | ഒഴിവ് വന്നിട്ടുള്ള സ്കൂൾ | ഒഴിവ് തീയതി | റിമാർക്സ് |
|---|---|---|---|
| 1 | എ.യു.പി.എസ്, കല്ലുവഴി | 01/04/20 | ശ്രീ.ശ്രീകുമാരൻ എ.ആർ, എച്ച്.എം-നെ ശബരി വി.എൽ.എൻ.എം യു.പി സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്തത് വഴിയുള്ള ഒഴിവ് |
| 2 | സി.യു.പി.എസ്, പുല്ലാപ്പറ്റ | 01/06/20 | ശ്രീമതി.കെ.സി.ലത എച്ച്.എം 31.5.2020-ന് വിരമിച്ചത് വഴിയുള്ള ഒഴിവ് |
| 3 | എ.യു.പി.എസ്, കല്ലുവഴി | 01/04/23 | ശ്രീമതി.ഗീത.പി.ആർ എച്ച്.എം-നെ എ.യു.പി.എസ് കല്ലുവഴിയിൽ നിന്നും ശ്രീ.ശ്രീകുമാരൻ എ.ആർ, എച്ച്.എം എന്നവർ 31.5.2023-ന് ശബരി വി.എൽ.എൻ.എം യു.പി എസ്-ൽ നിന്നും റിട്ടയർ ചെയ്തത് വഴി സംജാതമായ ഒഴിവിലേക്ക് ട്രാൻസ്ഫർ ചെയ്തത് വഴിയുള്ള ഒഴിവ് |
| 4 | ശബരി P T B സ്മാരക ഹൈസ്കൂൾ, അടക്കാപുത്തൂർ | 01/06/24 | ശ്രീമതി.ശൈലജ.എ 31.5.2024-ന് പ്രധാന അദ്ധ്യാപക തസ്തികയിൽ നിന്നും വിരമിച്ചത് വഴിയുള്ള ഒഴിവ്. |

ശ്രീമതി.ഗീത.പി.ആർ 21.10.1991 മുതൽ പ്രധാന അദ്ധ്യാപക സ്ഥാനം റിലിൻകിഷ് ചെയ്തതിനാൽ താഴെ പറയും പ്രകാരം മാനേജർ സ്ഥാനക്കയറ്റ നിയമനം നടത്തുകയുണ്ടായി.

| ക്രമ നമ്പർ | പേരും തസ്തികയും | സ്ഥാനക്കയറ്റം നിയമിച്ച തസ്തിക | നടത്തി തീയതി |
|---|---|---|---|
| 1 | സി.എൻ.രവീന്ദ്രൻ, LPST, CUPS, പുലാപ്പറ്റ | HM, AUPS കല്ലുവഴി | 01/04/20 |
| 2 | സി.സുരേഷ്, LPST, CUPS പുലാപ്പറ്റ | HM, CUPS പുലാപ്പറ്റ | 01/06/20 |
| 3 | കെ.ലത, LPST,AUPS കല്ലുവഴി | HM, AUPS കല്ലുവഴി | 01/04/23 |
| 4 | എം.ബി.രാജീവ് കമാർ, എച്ച്.എസ്.ടി (maths) ശബരി PTBS HS പള്ളിക്കുറുപ്പ് | HM, PTBS HS, അടക്കാപുത്തൂർ | 01/06/24 |

George Vs State of Kerala OP No.7287/88 (1998(2)KLT637) ന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഗീത.പി.ആർ ന്റെ റിലിൻകിഷ്മെന്റ് സ്ഥായിയായി നിലനിൽക്കുന്നതല്ലെന്ന് മാനേജർക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ 1.6.2020 മുതൽക്ക് സെൻട്രൽ സ്കൂൾ, പുല്ലാപ്പറ്റയിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീ.സുരേഷ് സി.-യെ റിവർട്ട് ചെയ്ത് എൽ.പി.എസ്.ടി തസ്തികയിൽ നിലനിർത്തികൊണ്ട് 20.7.2022-ലെ ESTT/32/2022 പ്രകാരം ലാവണ ക്രമീകരണം നടത്തി ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവ് പ്രകാരം ശ്രീമതി.ഗീത.പി.ആർ-നെ 1.4.2020 മുതൽക്ക് ശബരി എ.യു.പി.എസ് കല്ലുവഴിയിൽ ഹെഡ്മിസ്ട്രസ് ആയും, ശ്രീ.സി.എൻ.രവീന്ദ്രനെ സെൻട്രൽ യു.പി സ്കൂളിലെ യു.പി.എസ്.ടി തസ്തികയിൽ 1.4.2020 മുതൽക്ക് നിലനിർത്തിയും ടി സ്കൂളിലെ ഹെഡ്മിസ്ട്രസ് ശ്രീമതി.കെ.സി.ലത 31.5.2020 ന് സർവ്വീസിൽ നിന്നും വിരമിച്ചത് മൂലം സംജാതമായ ഹെഡ്മിസ്ട്രസ്

തസ്തികയിൽ 1.6.2020 മുതൽ സ്ഥാനക്കയറ്റം നൽകിയും ആണ് ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ടി ലാവണ ക്രമീകരണം വകുപ്പ് തലത്തിൽ അംഗീകരിച്ചിട്ടില്ല.

മാനേജരുടെ 20.7.2022-ലെ ലാവണ ക്രമീകരണത്തെ തുടർന്നാണ് ശ്രീമതി.ഗീത.പി.ആർ 25.7.2022-ൽ കല്ലുവഴി യു.പി.എസ്-ൽ ഹെഡ്മിസ്ട്രസ് തസ്തികയിൽ പ്രവേശിക്കുന്നത്. 1.4.2023 മുതൽ ടിയാളെ VLMN UP സ്കൂളിലേക്ക് സ്ഥലം മാറ്റം നൽകുകയും ആയത് പ്രകാരം തുടർന്ന് വരികയും ചെയ്യുന്നു. 1.4.2020 മുതൽക്കുള്ള എച്ച്.എം നിയമനം അംഗീകരിക്കണമെന്നതാണ് ശ്രീമതി.ഗീത.പി.ആർ ന്റെ ആവശ്യം.

സി.എൻ രവീന്ദ്രനെ 13.4.2020-ൽ കല്ലുവഴി എ.യു.പി.എസ് ൽ ആണ് ആദ്യം മാനേജർ നിയമിച്ചിരുന്നത്. തുടർന്ന് 20.7.2022-ൽ മാനേജർ ലാവണക്രമീകരണം നടത്തിയതിനു ശേഷം 25.7.2022-ന് ആണ് ടിയാൻ പുല്ലാപ്പറ്റ സെൻട്രൽ യു.പി സ്കൂളിൽ എച്ച്.എം ആയി ചാർജ്ജ് എടുക്കുന്നത്. ടിയാൻ 30.6.2024-ൽ റിട്ടയർ ചെയ്തു. 13.4.2020 മുതൽ 30.6.2024 വരെയുള്ള എച്ച്.എം നിയമനം അംഗീകരിക്കണമെന്നതാണ് ശ്രീ.സി.എൻ രവീന്ദ്രന്റെ ആവശ്യം. പ്രസ്തുത നിയമനങ്ങൾ വിദ്യാഭ്യാസ അധികാരികൾ നിരസിച്ചിരിക്കുകയാണ്. കോർപ്പറേറ്റ് മാനേജ്മെന്റിൽ 1.4.2020 മുതലുള്ള എച്ച്.എം നിയമനങ്ങളാണ് അംഗീകരിക്കുവാനുള്ളത്. 20.7.2022-ലെ ESTT/32/22 നമ്പർ ലാവണ ക്രമീകരണ ഉത്തരവ് അംഗീകരിക്കണമെന്നും, എൽ.പി.എസ്.ടി/യു.പി.എസ്.ടി തസ്തികയിലെ അർഹരായിട്ടുള്ളവരുടെ പ്രധാന അദ്ധ്യാപക സ്ഥാനക്കയറ്റം അംഗീകരിക്കണമെന്നുമാണ് കോർപ്പറേറ്റ് മാനേജരുടെ ആവശ്യം.

മേൽ വിഷയം വിശദമായി പരിശോധിച്ചു. സ്ഥാനക്കയറ്റം പരിത്യജിക്കുന്നത് താല്ക്കാലികമാണെന്നതിനാൽ അടുത്ത ഒഴിവ് വരുമ്പോൾ സ്ഥാനക്കയറ്റത്തിനായി സീനിയോറിറ്റി അനുസരിച്ച് മുൻപ് സ്ഥാനക്കയറ്റം പരിത്യജിച്ചവരേയും പരിഗണിക്കേണ്ടതാണ്. ശ്രീമതി.ഗീതയ്ക്ക് 1/4/2020ൽ ഉണ്ടായ ഒഴിവിൽ സ്ഥാനക്കയറ്റം നൽകാതെയാണ് ജൂനിയറായ മറ്റ് അധ്യാപകരെ സ്ഥാനക്കയറ്റം നൽകി നിയമിച്ചത് എന്നതിനാലും, ഈ തെറ്റായ നടപടി പിന്നീട് തിരുത്തിക്കൊണ്ടാണ് മാനേജരുടെ 20.7.2022-ലെ ESTT/32/22 നമ്പർ നടപടിക്രമം വഴി ലാവണ ക്രമീകരണം നടത്തിയിട്ടുള്ളത് എന്നതിനാലും, അതനുസരിച്ച് ശ്രീമതി.ഗീതയുടെ സ്ഥാനക്കയറ്റത്തിനുള്ള അവകാശം സംരക്ഷിക്കപ്പെട്ടിട്ടുള്ളതിനാലും, കൂടാതെ ടി തസ്തികയിൽ അക്കാലയളവിൽ ജോലി ചെയ്തവർക്ക് ശമ്പളമോ ആനുകൂല്യങ്ങളോ നൽകിയിട്ടില്ല എന്നതിനാലും, ശ്രീമതി.ഗീതയ്ക്ക് 1/4/2020 മുതൽ പ്രഥമാധ്യാപക തസ്തികയിൽ അംഗീകാരവും ശമ്പളവും, ടിയാൾ അക്കാലയളവിൽ ടി തസ്തികയിൽ ജോലി ചെയ്തിട്ടില്ലെങ്കിൽ പോലും ടിയാളുടെ ആയതിനുള്ള അവകാശം കണക്കിലെടുത്ത് അനുവദിച്ച് നൽകുവാനും, തുടർന്ന് ഉണ്ടായ വ്യവസ്ഥാപിത ഒഴിവുകളിൽ സീനിയോറിറ്റി അനുസരിച്ച് മറ്റുള്ളവർക്ക് സ്ഥാനക്കയറ്റം നൽകി ക്രമീകരിച്ചിട്ടുള്ളതും, മറ്റ വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച നൽകുവാനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പരിശോധനാ ഹർജികളും((Ext P10, P11, P12 in WP(C) No. 31840/2024) പാലക്കാട്, പുലാപ്പറ്റ, സെട്രൽ യു പി സ്കൂളിലെ പ്രഥമാദ്ധ്യാപകനായി വിരമിച്ച ശ്രീ. രവീന്ദ്രൻ. സി സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 2 പുന പരിശോധനാ ഹർജിയും പാലക്കാട്, വിലയംചാത്തന്നൂർ, വി എൽ എൻ എം യു പി സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. ഗീത പി ആർ സർക്കാരിൽ സമർപ്പിച്ച പരാമർശം 3 പുന പരിശോധനാ ഹർജിയും(Ext. P7 in WP(C) No. 34011/2024) തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 4, 5 വിധിന്യായങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുപ്പുളശ്ശേരി, പാലക്കാട്.
ശ്രീ. പി. മുരളീധരൻ, കോർപ്പറേറ്റ് മാനേജർ, ശബരി
ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ്, അനുപമ,
പുതുപെരിയാരം, പാലക്കാട്-678731.
പ്രഥമാദ്ധ്യാപകൻ, വി എൽ എൻ എം യു പി സ്കൂൾ,
വിലയംചാത്തന്നൂർ, പാലക്കാട്.
ശ്രീമതി. ഗീത പി ആർ, പ്രഥമാദ്ധ്യാപിക
വി എൽ എൻ എം യു പി സ്കൂൾ, വിലയംചാത്തന്നൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 11-04-2025 13:10:42

സെക്ഷൻ ഓഫീസർ